ഓം നമോ നാരായണായ

# ഹരിക്കാട് നരസിംഹമൂർത്തി ക്ഷേത്രം

അരിക്കാട്, പി.ഒ. മലമക്കാവ്, വഴി കൂടല്ലൂർ, പിൻ - 679 554

e-mail: harikkadtemple@gmail.com





# ശ്രീമദ് ഭാഗവത സപ്താഹയജ്ഞം

2011 മെയ് 2 മുതൽ 9 കൂടി (1186 മേടം 19 മുതൽ 26 കൂടി)

# പ്രതിഷ്ഠാദിന മഹോത്സവം

2011 മെയ് 9 (1186 മേടം 26) തിങ്കളാഴ്ച

**യജ്ഞാചാര്യൻ : ശ്രീ. കെ.ജി. രാധാകൃഷ്ണൻ**

(ആദ്ധ്യാത്മിക സൗഹൃദകേന്ദ്രം, കൊടുവായൂർ, പി.ഒ. പാലക്കാട്)

**ക്ഷേത്രം തന്ത്രി : ബ്രഹ്മശ്രീ. കൃഷ്ണൻ നമ്പൂതിരി തെക്കിനിയേടത്ത് മന**

(മുൻ മേൽശാന്തി, ശബരിമല)



ഭക്തജനങ്ങളെ

ഹരിഃഓം തത്സത്

ഹരിക്കാട് നരസിംഹമൂർത്തി ക്ഷേത്രത്തിൽ പ്രഥമവും പ്രധാനവുമായി ശ്രീമദ് ഭാഗവത സപ്താഹയജ്ഞം നടത്തുകയാണ്. യജ്ഞം 2011 മെയ് 2 മുതൽ 9 കൂടിയ പുണ്യദിനങ്ങളിലായാണ് നടക്കുക. 9-ാം തീയ്യതി (മേടം 26) തിങ്കളാഴ്ച പ്രതിഷ്ഠാദിന മഹോത്സവവും ഇതോടൊന്നിച്ച് ആഘോഷിക്കപ്പെടുന്നു.

വ്യക്തിയിൽ തുടങ്ങി കുടുംബത്തിലേക്കും സമാജത്തിലേക്കും വ്യാപിച്ച് പരിഃസ്ഥിതിയെ കൂടി ഉൾക്കൊള്ളുന്ന ശ്രീമദ് ഭാഗവത ധർമ്മ മൂല്യങ്ങൾ ലോകത്തിനാകെത്തന്നെ നിത്യപ്രസക്തവും ആദരാർഹവുമാണ്. ജനങ്ങൾക്ക് ഏതുതുറയിലും ഉൾശക്തി ചൊരിഞ്ഞ് സമയോചിതമായി ഉത്സാഹവും പ്രചോദനവും നൽകാൻ ശാശ്വതമൂല്യങ്ങൾക്കേ കഴിയൂ എന്ന വസ്തുത നമ്മൾ അംഗീകരിച്ചേ പറ്റൂ. ശ്രീമദ് ഭാഗവതത്തെ നിസ്തുലമായ ശാസ്ത്രമായി ചർച്ച ചെയ്യുകവഴി ശാശ്വതമായ ജീവിതമൂല്യങ്ങളിലേക്ക് ശ്രോതാക്കളുടെ ബുദ്ധി നയിക്കപ്പെടുന്നു. ലൗകിക ജീവിതത്തിൽ അനിവാര്യമായ താപത്രയം നീങ്ങിക്കിട്ടാൻ ആത്മതത്വവും ജീവിത മൂല്യങ്ങളും പ്രതിപാദിക്കുന്ന ശ്രീമദ് ഭാഗവതം കേട്ട് മനനം ചെയ്യുന്നതുമാത്രമാണ് ഫലപ്രദമായ മാർഗ്ഗം.

വേദമാകുന്ന കൽപ്പവൃക്ഷത്തിൽ ഉളവായതും ശ്രീ ശുകബ്രഹ്മർഷിയുടെ തിരുമുഖത്തുനിന്നും വീണുകിട്ടിയതുമായ പരിപക്വഫലമത്രേ ശ്രീമദ് ഭാഗവതം !

"ശ്രീമദ് ഭാഗവതാഖ്യോƒയം പ്രത്യക്ഷഃകൃഷ്ണ ഏവഹി" എന്ന പദ്മപുരാണവചനപ്രകാരം കലികാലത്ത് സംസാരസന്തപ്തന്മാരായ ജീവന്മാരെ രക്ഷിക്കുവാൻ പ്രത്യേകം അവതരിച്ച പ്രത്യക്ഷത്തിലുള്ള ശ്രീകൃഷ്ണ ഭഗവാൻ തന്നെയാണ് ഭാഗവതമഹാപുരാണം. അനേക ജന്മങ്ങളായി ആർജ്ജിച്ച പുണ്യഫലമായി ലഭിച്ച മനുഷ്യജന്മത്തിന്റെ അന്തിമലക്ഷ്യമായ ഈശ്വര സാക്ഷാത്കാരത്തിന് മുഖ്യമായി ആശ്രയിക്കേണ്ട ശാസ്ത്രം ശ്രീമദ് ഭാഗവതമാണെന്ന് മഹാത്മാക്കൾ സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ നമ്മെ ഉപദേശിക്കുന്നു. കലിയുഗത്തിന്റെ കാലുഷ്യങ്ങൾക്ക് അടിപ്പെടുന്ന മാനവരാശിയുടെ മനോവാക് കർമ്മങ്ങൾ ശുദ്ധീകരിക്കുന്നതിനും, പാപികൾക്ക് പാപമോചനത്തിനും, രോഗികൾക്ക് രോഗമുക്തിക്കും, സന്താന രഹിതർക്ക് സൽസന്താനസൗഭാഗ്യത്തിനും, അജ്ഞാനികൾക്ക് വിജ്ഞാനത്തിനും; ശ്രേഷ്ഠമായ ശ്രീമദ് ഭാഗവത കഥാശ്രവണം മനുഷ്യരിലെന്നപോലെ സകല ചരാചരങ്ങളിലും ദിവ്യാനുഭൂതി പകരുന്നു. ഋഷിപ്രോക്തങ്ങളായ ശാസ്ത്രങ്ങളെ അവഗണിച്ചതാണ് നമ്മുടെ സകല ദുരിതങ്ങൾക്കും കാരണം. അവ ശരിയായി പഠിച്ച് ജീവിതത്തിൽ പകർത്തിയാൽ നാം ഭഗവാനിൽ എത്തിച്ചേരുന്നു. അതിന് ശ്രീമദ് ഭാഗവതം പോലെ ഉത്തമമായ മറ്റൊന്നില്ലതന്നെ. ശ്രീമദ് ഭാഗവതമൂല്യങ്ങൾ സമാജത്തിൽ വളർത്തിയെടുക്കാൻ, ശ്രീമദ് ഭാഗവതം സജ്ജനസംഗമത്തിനും സജ്ജന സേവക്കും നൽകുന്ന പ്രാധാന്യവും മഹിമയും മനസ്സിലാക്കാൻ ലഭിക്കുന്ന ഈ മഹനീയാവസരം പ്രയോജനപ്പെടുത്താൻ എല്ലാ പുണ്യാത്മാക്കളോടും അഭ്യർത്ഥിയ്ക്കുകയാണ്. ധർമ്മത്തിന്റെയും ആത്മവിജ്ഞാനത്തിന്റെയും നവോത്ഥാനം രചിക്കുന്ന ഈ മഹായജ്ഞത്തിൽ പങ്കെടുത്ത് സൗഭാഗ്യവും സാഫല്യവും നേടാനായി ആബാലവൃദ്ധം ജനങ്ങൾ മുന്നോട്ടുവന്ന് ഉദാരമായി സഹായിക്കണമെന്ന് ഭഗവാനെയും ഭക്തിയേയും മുൻനിർത്തി ഉണർത്തിച്ചുകൊള്ളട്ടെ.

സ്നേഹാശീർവാദങ്ങളോടെ,

**ഹരിക്കാട് നരസിംഹമൂർത്തി ക്ഷേത്ര സംരക്ഷണസമിതി**



*അതിമഹത് പുണ്യാനുഗ്രഹകരമായ ശ്രീമദ് ഭാഗവതസപ്താഹയജ്ഞത്തിൽ പങ്കെടുക്കുന്ന ഭക്തജനങ്ങൾക്ക് ഭാഗവതതത്വമൂല്യങ്ങളും സന്ദേശങ്ങളും കേട്ട് ജ്ഞാനതൃപ്തി ഉളവാകുന്നതോടൊപ്പം ഭഗവത്പ്രീതി നേടാനുള്ള വഴിപാടുകൾ നടത്തി അവരവരുടെ അഭീഷ്ടങ്ങൾ നിറവേറ്റാനുള്ള അവസരംകൂടി ഇതോടൊന്നിച്ച് ലഭിക്കുന്നു.*

## പ്രധാന വഴിപാടുകൾ

| | | | |
|---|---|---|---|
| വിഷ്ണുസഹസ്രനാമാർച്ചന | 15.00 | ഐക്യമത്യം അർച്ചന | 15.00 |
| സ്വയംവരാർച്ചന | 51.00 | പുഷ്പാഞ്ജലി | 10.00 |
| പുരുഷസൂക്തം അർച്ചന | 15.00 | നെയ്‌വിളക്ക് | 10.00 |
| വിദ്യാഗോപാലാർച്ചന | 20.00 | പറനിറക്കൽ | 70.00 |
| ഭാഗ്യസൂക്തം അർച്ചന | 15.00 | പുടവപൂജ | 25.00 |

## പ്രത്യേക നിവേദ്യങ്ങൾ

| | | | | | |
|---|---|---|---|---|---|
| മത്സ്യാവതാരം | നെയ്പായസം | 25.00 | രാമാവതാരം | പാൽപ്പായസം | 25.00 |
| കൂർമ്മാവതാരം | തൃമധുരം | 10.00 | പരശുരാമാവതാരം | കുഴച്ച അവിൽ | 15.00 |
| വരാഹാവതാരം | അപ്പം | 20.00 | ബലരാമാവതാരം | ഇടിച്ചുപിഴിഞ്ഞ പായസം | 25.00 |
| നരസിംഹാവതാരം | പാനകം | 10.00 | ശ്രീകൃഷ്ണാവതാരം | വെണ്ണ | 15.00 |
| വാമനാവതാരം | പഴം | 10.00 | | | |

വഴിപാടുകൾ മുൻകൂട്ടി ബുക്കുചെയ്യേണ്ടതാണ്)

ഫോൺ നമ്പർ : 0466-2277161, 2277729, 0466-2005022, 9846166419, 9745073143

## ദ്രവ്യ സമർപ്പണം

ഭക്തജനങ്ങളെ, പുണ്യാത്മാക്കളെ,

ഭക്തിസാന്ദ്രമായ ശ്രീമദ് ഭാഗവതസപ്താഹയജ്ഞത്തിൽ പങ്കെടുക്കുന്നതുപോലെത്തന്നെ അനുഗ്രഹകരമാണ് നടത്തിപ്പിന് ആവശ്യമായ ദ്രവ്യങ്ങൾ സമർപ്പിച്ച് പങ്കാളികളാകുന്നതുമെന്ന് നമ്മുടെ വിശിഷ്ട പാരമ്പര്യം അനുശാസിക്കുന്നു. യജ്ഞത്തോടനുബന്ധിച്ച് എല്ലാ ദിവസവും അന്നദാനം ഉണ്ടായിരിക്കുന്നതാണ്. ദാനവും യജ്ഞവും തപസ്സും വ്യക്തിയുടെയെന്നല്ല സമാജത്തിന്റെ തന്നെയും ശാശ്വത നന്മക്കുള്ള അടിത്തറയാണ്. അന്നദാനം ഈശ്വരപ്രീതിക്കുള്ള ഏറ്റവും പവിത്രമായ സമർപ്പണംതന്നെ.

"അന്നദാനസമം ദാനം
നഭൂതംനഭവിഷ്യതി
ദേവർഷിപിതൃഭൂതാനാം
തൃപ്തിരന്നേനജായതേ"

അന്നദാനത്തിന് സമമായ ദാനം ഒന്നുംതന്നെയില്ല. ദേവന്മാർ, ഋഷികൾ, പിതൃക്കൾ, ഭൂതങ്ങൾ ഇവരെല്ലാം അന്നദാനത്തിൽ തൃപ്തരാകുന്നു നൽകുന്നവർക്കും ലഭിക്കുന്നവർക്കും പൂർണ്ണ തൃപ്തി കൈവരുന്ന ഏകദാനം അന്നദാനമാകുന്നു.

**സമർപ്പണം താഴെ കൊടുത്തപ്രകാരം ചെയ്യാവുന്നതാണ്.**

1 ദിവസത്തെ മുഴുവനും 5000.00 രൂപ, 100 പേർക്ക് 2500.00 രൂപ, 10 പേർക്ക് 250.00 രൂപ

യജ്ഞശാലയിലേക്ക് ആവശ്യമായ ശുദ്ധമായ എള്ളെണ്ണ, ശർക്കര, നെയ്യ്, വെളിച്ചെണ്ണ, കൽക്കണ്ടം, മുന്തിരി, കദളിപ്പഴം, വെണ്ണ, കർപ്പൂരം, ചന്ദനത്തിരി, പൂജാപുഷ്പങ്ങൾ, പൂമാലകൾ, അരി, നെല്ല്, നാളികേരം, പച്ചക്കറി സാധനങ്ങൾ എന്നിവ ഭക്തജനങ്ങൾക്ക് നേരിട്ട് സമർപ്പിക്കാവുന്നതാണ്.



സമാരംഭം: 02-05-2011 തിങ്കൾ

ഉച്ചതിരിഞ്ഞ് 3 മണിക്ക് : ക്ഷേത്രം രക്ഷാധികാരി തൃശൂർ തെക്കേമഠം മൂപ്പിൽ ശ്രീമദ് ശങ്കരാനന്ദബ്രഹ്മാനന്ദഭൂതി സ്വാമിയാർക്കും, തന്ത്രി ടി.കെ. കൃഷ്ണൻ നമ്പൂതിരിക്കും (ശബരിമല മുൻ മേൽശാന്തി) പൂർണ്ണകുംഭം നൽകി സ്വീകരിച്ച് താലപ്പൊലിയോടും നാമജപത്തോടും കൂടി ക്ഷേത്രത്തിലേക്കാനയിക്കുന്നു.

4.30 ന് : ആചാര്യവരണം, 5.00 : ശ്രീമദ് ഭാഗവതമാഹാത്മ്യപ്രഭാഷണം. തുടർന്ന് യജ്ഞശാലയിലെ പതിവുചടങ്ങുകൾ. ക്ഷേത്രത്തിൽ വിശേഷാൽ പൂജകൾ.

*എല്ലാ ദിവസവും രാവിലെ 5 മണി മുതൽ സന്ധ്യകഴിഞ്ഞ് 7.30 വരെ*

രാവിലെ 5.30 ന് : ഗണപതിഹോമം, 5.45 ന് : വിഷ്ണുസഹസ്രനാമം, 6.30 മുതൽ 8.30 വരെ : ശ്രീമദ് ഭാഗവത പാരായണവും വ്യാഖ്യാനവും, 9.30 മുതൽ 1 വരെയും ഉച്ചയ്ക്ക് ശേഷം 2.30 മുതൽ 6.30 വരെയും

6.30 ന് : ദീപാരാധന

സപ്താഹം ഒന്നാം ദിവസം (3-05-2011 ചൊവ്വ) ..........

സൂതശൗനകസംവാദം, വ്യാസ നാരദസംവാദം, കുന്തീസ്തുതി, ഭീഷ്മസ്തുതി, പരീക്ഷിത്തിന്റെ ശാപം, വരാഹാവതാരം, ഹിരണ്യാക്ഷവധം. (കഥാശ്രവണഫലം - ജ്ഞാനവൃദ്ധി, ശത്രുനാശം)

രണ്ടാം ദിവസം (4-5-2011 ബുധൻ) ..........

കപിലാവതാരം, കപിലോപദേശം, ദക്ഷയാഗം, ധ്രുവചരിതം, പുരഞ്ജനോപാഖ്യാനം, ഋഷഭാവതാരം, ഭാരതകഥ. (കഥാശ്രവണഫലം - കുടുംബഭദ്രത, ഭൂമീലാഭം)

മൂന്നാം ദിവസം (5-5-2011) വ്യാഴം ..........

ജഡഭരതകഥ, ഭൂഗണിതം, നരകവർണ്ണന, അജാമിളമോക്ഷം, ചിത്രകേതുപാഖ്യാനം, പ്രഹ്ളാദചരിതം, നരസിംഹാവതാരം. (കഥാശ്രവണഫലം - ഭയനാശം, കാര്യസിദ്ധി)

നാലാം ദിവസം (6-5-2011) വെള്ളി ..........

വർണാശ്രമധർമ്മം, ഗജേന്ദ്രമോക്ഷം, പാലാഴിമഥനം, കൂർമ്മാവതാരം, ധന്വന്തരി അവതാരം, വാമനാവതാരം, മത്സ്യാവതാരം, ശ്രീരാമാവതാരം, പരശുരാമാവതാരം, ബലരാമാവതാരം, ശ്രീകൃഷ്ണാവതാരം. (ശ്രവണഫലം - സൽപുത്രലാഭം, നഷ്ടവസ്തു പുനർലബ്ധി)

അഞ്ചാം ദിവസം (7-5-2011 ശനി) ..........

കാളിയമർദ്ദനം, ബാലലീല, വത്സസ്തേയം, ബ്രഹ്മസ്തുതി, ഗോവർദ്ധനോദ്ധാരണം, കംസവധം, രാസലീല, രുഗ്മിണീ സ്വയംവരം. (ശ്രവണഫലം - അഭീഷ്ടസിദ്ധി, മംഗല്യസിദ്ധി, ശത്രുനാശം)

ആറാം ദിവസം (8-5-2011 ഞായർ) ..........

നരകാസുരവധം, സ്യമന്തകോപാഖ്യാനം, രാജസൂയം, സുദാമാചരിതം, സന്താനഗോപാലം, ഭാഗവതധർമ്മകഥനം, ഉദ്ധവോപദേശം. (ശ്രവണഫലം - സന്താനങ്ങൾക്ക് ശ്രേയസ്, സമ്പൽസമൃദ്ധി)

ഏഴാം ദിവസം (9-5-2011) തിങ്കൾ ..........

ഉദ്ധവോപദേശം (തുടർച്ച), ഉദ്ധവന്റെ ബദരീയാത്ര, സ്വർഗ്ഗാരോഹണം, കൽക്കി അവതാരം, പരീക്ഷിത്തിന്റെ മുക്തി, മാർക്കണ്ഡേയചരിതം, ദ്വാദശസ്കന്ദസാരം, ഭാഗവതസംഗ്രഹം. (ശ്രവണഫലം - പാപമോചനം, മോക്ഷലബ്ധി)

യജ്ഞസമർപ്പണം, ആചാര്യദക്ഷിണ, പ്രസാദവിതരണം



## പ്രതിഷ്ഠാദിന മഹോത്സവം

**2011 മെയ് 8 ഞായറാഴ്ച വൈകുന്നേരം**

7.00 : മുഷ്ട്യാദിസ്ഥലശുദ്ധി, 7.30 : ഭഗവത്സേവ

**2011 മെയ് 9 തിങ്കളാഴ്ച - പ്രതിഷ്ഠാദിനം**

5.30 a.m. : അഷ്ടദ്രവ്യമഹാഗണപതിഹോമം, 7.30 a.m. മുതൽ : നവകം, പഞ്ചഗവ്യം അഭിഷേകം, ഉച്ചപൂജ

12.30 p.m. : പ്രസാദഊട്ട്

(ഭഗവത്സേവ 100 രൂപ, പഞ്ചഗവ്യം അഭിഷേകം 50 രൂപ, ഗണപതിഹോമം 50 രൂപ എന്നീ വഴിപാടുകൾ മുൻകൂട്ടി ശീട്ടാക്കേണ്ടതാണ്)

വൈകീട്ട് 3.30 : സമൂഹക്ഷേത്ര പ്രദക്ഷിണം

നാമജപത്തോടെ ക്ഷേത്രത്തിന് ചുറ്റും 101 പ്രദക്ഷിണം വെക്കുന്നു. ക്ഷേത്രചൈതന്യ വർദ്ധനവിനുതകുന്നതും, സകല പാപപരിഹാരാർത്ഥവുമായ ഈ മഹായജ്ഞത്തിൽ ഭക്തജനങ്ങൾക്ക് യഥാശക്തി മുഴുവനായോ ഭാഗികമായോ പങ്കെടുക്കാവുന്നതാണ്.

## ക്ഷേത്രത്തിലെ പ്രധാന വഴിപാടുകൾ

| | രൂപ | | രൂപ |
|---|---|---|---|
| ഗണപതിഹോമം | 30.00 | പാൽപായസം | 25.00 |
| അഷ്ടദ്രവ്യഗണപതിഹോമം | 501.00 | നെയ്പായസം | 20.00 |
| അപ്പം | 50.00 | രക്ഷസിന് പായസം | 50.00 |
| കറുകമാല | 25.00 | പാനകം | 35.00 |
| പുഷ്പാഞ്ജലി | 3.00 | ഒരുനേരത്തെ പൂജ | 250.00 |
| പുരുഷസൂക്തം | 10.00 | ചുറ്റുവിളക്ക് | 250.00 |
| മംഗല്യസൂക്തം | 10.00 | ദീപസ്തംഭം തെളിയിക്കൽ | 150.00 |
| ഭാഗ്യസൂക്തം | 10.00 | നിറമാല | 750.00 |
| ഐക്യമത്യസൂക്തം | 10.00 | തൃകാലപൂജ | 750.00 |
| സാരസ്വതസൂക്തം | 10.00 | ഉദയാസ്തമനപൂജ | 12000.00 |
| നെയ്‌വിളക്ക് | 10.00 | **പാനകപൂജ** | **650.00** |
| മാല | 5.00 | **സന്താനഗോപാലപൂജ** | **650.00** |
| താമരമാല | 40.00 | **അയ്യപ്പന്** | |
| കെടാവിളക്ക് | 100.00 | മുട്ടറുക്കൽ | 5.00 |
| ചോറൂണ് | 50.00 | മാലയിടൽ | 5.00 |
| വിവാഹം | 200.00 | കെട്ടുനിറ | 10.00 |
| ചന്ദനം ചാർത്തൽ | 125.00 | നീരാഞ്ജനം | 35.00 |
| | | എള്ളുതിരി | 5.00 |

(പാനക പൂജ വിജയാനുഭവങ്ങൾക്കും, സന്താനഗോപാലപൂജ സൽസന്താനസൗഭാഗ്യത്തിനും ഹരിക്കാട് നരസിംഹമൂർത്തിക്കുള്ള പ്രത്യേക വഴിപാടുകളാണ്. കാലാനുസൃതമായി വഴിപാട് നിരക്കുകളിൽ മാറ്റം വരുന്നതാണ്.)

The Printce & The Prompt Offset Printers Koottanad - Ph: 0466-2371488, 9446145808



## ക്ഷേത്രത്തെക്കുറിച്ച് ചില വിവരങ്ങൾ:

ഒരു സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് ക്ഷേത്ര ജീർണാവശിഷ്ടങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് 2004 വർഷാദ്യം തദ്ദേശവാസികളായ ഭക്തജനങ്ങൾ സംഘടിച്ച് തൽക്കാലം ക്ഷേത്രത്തിന് ആവശ്യമായ 25 സെന്റ് സ്ഥലം പ്രതിഫലം നൽകി തീറുവാങ്ങുകയാണുണ്ടായത്. 2004 ഒക്ടോബർ 4, 5 തീയ്യതികളിലായി ബ്രഹ്മശ്രീ. മണപ്പുഴ രാമൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ നടത്തിയ അഷ്ടമംഗലപ്രശ്നവിധിയനുസരിച്ച് നരസിംഹകല ബന്ധപ്പെട്ട മഹാവിഷ്ണു ചൈതന്യം വെളിപ്പെടുകയായിരുന്നു. സ്ഥലചൈതന്യം നിലനിൽക്കുന്ന തത്സ്ഥിതിയിൽ കൈനിക്കര തെക്കേടത്ത് ശങ്കരനാരായണൻ നമ്പൂതിരിയെ ആചാര്യനായി വരിച്ച് മലർ നിവേദ്യം നടത്തിവന്നു. ആദ്യമൊക്കെ വ്യാഴാഴ്ചകൾ തോറും നടത്തിവന്ന നിവേദ്യസമർപ്പണം ഭക്തജനങ്ങളുടെ ആവശ്യാർത്ഥം ആഴ്ചയിൽ മൂന്നെണ്ണമായി (വ്യാഴം, ഞായർ, ചൊവ്വ) 2005 നവംബർ 12, 13, 14 തീയ്യതികളിലായി പ്രശ്നപരിഹാരകർമ്മങ്ങൾ നടത്തുകയുണ്ടായി. ഇതിനിടയിൽ ക്ഷേത്രത്തിന് ആവശ്യമായ ചില സ്ഥലങ്ങൾ കൂടി ഏറ്റെടുക്കുകയും കിണർ നിർമ്മിക്കുകയും ചെയ്തു. ഏകദേശം 2 മീറ്ററോളം മണ്ണിലാണ്ടുകിടന്നിരുന്ന ശിലാവശിഷ്ടങ്ങൾ ഉൽഖനനം ചെയ്തെടുത്ത് പ്രശസ്ത ശിൽപ്പി ശ്രീ. കൂനത്തറ ശ്രീകുമാറിന്റെ നേതൃത്വത്തിൽ വട്ടശ്രീകോവിൽ തറ അതിവിദഗ്ദ്ധമായി പുനഃസംയോജിപ്പിച്ചു.

നൂറ്റാണ്ടുകൾക്ക് മുമ്പ് പഞ്ചപ്രാകാരപ്രൗഢിയോടെ അതിവിശേഷമായി പരിലസിച്ചിരുന്നിരുന്ന ഒരു മഹാക്ഷേത്രമായിരുന്നു ഇതെന്നതിന് സൂചനകളുണ്ടെന്ന് ആചാര്യന്മാർ അഭിപ്രായപ്പെട്ട ഇവിടെ; പ്രധാന ദേവന്റെ വട്ട ശ്രീകോവിൽ തറ, ഓവ്, പീഠം വരെയുള്ള ഭാഗങ്ങൾ മാത്രമാണ് കണ്ടുകിട്ടുമ്പോൾ അവശേഷിച്ചിരുന്നത്. പ്രധാന ദേവൻ വിഷ്ണു നരസിംഹമൂർത്തിക്ക് തുല്യപ്രാധാന്യത്തിൽ, സാക്ഷാൽ പരാശക്തിയായ ദുർഗ്ഗക്കും ഇവിടെ സ്ഥാനം കാണണമെന്ന് പ്രശ്നവിധിയിൽ തെളിയുകയുണ്ടായി. കൂടാതെ ഉപദേവന്മാരായി ഗണപതി, ശാസ്താവ് എന്നിവരുടെ സാന്നിദ്ധ്യവും ഉള്ളതായി ആചാര്യന്മാർ അഭിപ്രായപ്പെട്ടു. ഭക്തജനങ്ങളുടെ തുടർച്ചയായ സഹായസഹകരണങ്ങളും ചില അനുഗൃഹീതാത്മാക്കളുടെ ഉദാരമായ സംഭാവനകളുംകൊണ്ട് കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളിലായി എല്ലാ ശ്രീകോവിലുകളും പണിപൂർത്തിയാക്കാൻ കഴിഞ്ഞു. നാലമ്പലം തറപ്പണിയും കട്ടിളവെപ്പും കഴിഞ്ഞു. 2009 ഏപ്രിൽ 30 ന് (1184 മേടം 17) വ്യാഴാഴ്ച പുണർതം നക്ഷത്രത്തിൽ രാവിലെ 8 നും 9 നും ഇടക്കുള്ള ശുഭമുഹൂർത്തത്തിൽ തന്ത്രി ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരി (മുൻ മേൽശാന്തി, ശബരിമല)യുടെ കാർമികത്വത്തിൽ മഹാവിഷ്ണു നരസിംഹമൂർത്തി, ദുർഗ്ഗ, ഗണപതി, ശാസ്താവ് എന്നീ പ്രതിഷ്ഠകൾ നിർവ്വഹിച്ച് അന്നുമുതൽ കാലത്തും വൈകീട്ടും വെച്ചുനിവേദ്യത്തോടുകൂടി പൂജ നടത്തിവരുന്നു. തുടർന്ന് ക്ഷേത്രം നാലമ്പലം മേൽപ്പുര നിർമ്മാണത്തിനുള്ള ശ്രമത്തിലാണ്. ഭാഗികമായി നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തികമായി വളരെയധികം വിഷമകരമായ ഒരു അവസ്ഥയിൽ ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. അത്യാവശ്യമായ പല കാര്യങ്ങളും ഇനിയും ക്ഷേത്രത്തിൽ ചെയ്തുതീർക്കേണ്ടതായിട്ടുണ്ട്. ക്ഷേത്രത്തിലേക്കുള്ള വഴി ഒരു പ്രധാന വിഷയമാണ്, പ്രഥമ പരിഗണന നൽകേണ്ടിയിരിക്കുന്നു. കൂടാതെ നാലമ്പലം മേൽപ്പുരനിർമ്മാണം പൂർത്തീകരിക്കൽ, നമസ്കാര മണ്ഡപം, തറ ടൈൽസ് വിരിക്കൽ, വിളക്കുമാടം, വാതിലുകൾ, മുൻഭാഗത്ത് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ തുടങ്ങി പലതും ഒഴിച്ചുകൂടാനാവാത്തതാണ്. ദേവന്റെ ഇച്ഛയാൽ ആവർത്തിച്ചാവർത്തിച്ചുള്ള ചില ഭക്തജനങ്ങളുടെ നിർലോഭമായ സഹകരണംകൊണ്ടാണ് ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ഇത്രയെങ്കിലുമൊക്കെ ചെയ്യാൻ സാധിച്ചത്. അവർക്കൊക്കെ വീണ്ടും വീണ്ടും ഈ ക്ഷേത്രസമുച്ചയത്തിന്റെ പൂർത്തീകരണത്തിനുള്ള കഴിവും മനസ്സും ഉണ്ടാകട്ടെ എന്ന് ഹരിക്കാട് ദേവനോട് പ്രാർത്ഥിക്കുകയാണ്. ഭക്തജനങ്ങളുടെ നിർലോഭമായ സഹായസഹകരണങ്ങൾ കൊണ്ട് മാത്രമേ തുടർന്നുള്ള ക്ഷേത്രപുരോഗതി സാദ്ധ്യമാകൂ. ഈ മഹാസംരംഭത്തിൽ യഥാശക്തി പങ്കാളികളായി ഹരിക്കാട് നരസിംഹമൂർത്തിയുടെ അനുഗ്രഹത്തിന് പാത്രീഭൂതരാകാൻ ഭക്തജനങ്ങളോട് അഭ്യർത്ഥിക്കുകയാണ്.



**സംഭാവനകൾ അയക്കേണ്ട വിലാസം**

സെക്രട്ടറി, ഹരിക്കാട് നരസിംഹമൂർത്തി ക്ഷേത്രം,
പി.ഒ. മലമക്കാവ്, വഴി കൂടല്ലൂർ, പിൻ - 679 554

**ഞങ്ങളുടെ ബാങ്ക്:** എസ്.ബി.ടി. കൂടല്ലൂർ
എസ്.ബി. അക്കൗണ്ട് നമ്പർ : 57062732065

visit our blog: www.harikkadtemple.word press.com